***No. 002/2010/CL Dtd: 22.09.2010 Latin Archdiocese of Trivandrum, Vellayambalam***

# അതിരൂപതാദിനം 2010

ദൈവത്തിനു സ്തുതി!

ദൈവജനത്തിനു സമാധാനം!

വന്ദ്യ വൈദികരെ, പ്രിയ മക്കളെ,

ഒക്ടോബര്‍ മാസം ഒന്നാം തിയതി നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളാണ്. കുറെ വര്‍ഷങ്ങളായി ഈ തിരുനാള്‍ അതിരൂപതാദിനമായിട്ടാണല്ലോ നാം ആഘോഷിച്ചുവരുന്നത്. അതിരൂപതയെക്കുറിച്ചു ചിന്തിക്കുവാനും, വിവിധ പ്രവര്‍ത്തനങ്ങളെ വിലയിരുത്തുവാനും, ആവശ്യങ്ങള്‍ മനസ്സിലാക്കുവാനും അതിരൂപതയുടെ വളര്‍ച്ചയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി പ്രാര്‍ത്ഥിക്കുവാനും നമ്മെത്തന്നെ സമര്‍പ്പിക്കുവാനുമുള്ള ഒരു ദിവസമാണിത്. ഈ നല്ല ദിവസത്തിന്റെ എല്ലാ മംഗളങ്ങളും ഞാന്‍ നിങ്ങള്‍ക്ക് സ്നേഹപൂര്‍വ്വം ആശംസിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യയുടെ മാദ്ധ്യസ്ഥ്യത്തിലൂടെ അനുഗ്രഹങ്ങളാകുന്ന റോസാപ്പൂക്കള്‍ ദൈവം നിങ്ങളോരോരുത്തരുടെയും മേല്‍ സമൃദ്ധമായി വര്‍ഷിക്കട്ടെ എന്ന് പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നു.

ഇക്കൊല്ലം ഇതിനകം തന്നെ അതിരൂപതാതലത്തില്‍ പലപൊതുപരിപാടികളും സംഘടിപ്പിച്ചതുകാരണം അതിരൂപതാദിനാഘോഷങ്ങള്‍ ഇടവക തലത്തിലും കുടുംബകൂട്ടായ്മ തലത്തിലും കേന്ദ്രീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വ്യക്തികളുടെയും കുടുംബങ്ങളുടെയും ചെറുസമൂഹങ്ങളുടെയും വികസനത്തിലൂടെ അതിരൂപതയുടെ മുഴുവന്‍ വിശുദ്ധീകരണം എന്ന നമ്മുടെ ലക്ഷ്യം നേടാനുള്ള ഒരു മാര്‍ഗ്ഗമായി കൂടി ഞാന്‍ ഇതിനെ കാണുകയാണ്. മൂന്നു കൊല്ലങ്ങള്‍ക്കുമുമ്പ് അതിരൂപതയുടെ സപ്തതി ആഘോഷിച്ചുകൊണ്ട് 2012-ല്‍ നാം ആഘോഷിക്കാന്‍ പോകുന്ന പ്ലാറ്റിനം ജൂബിലിയുടെ ഒരുക്കങ്ങള്‍ക്ക് നാം തുടക്കം കുറിക്കുകയുണ്ടായി. ഇനിയുള്ള രണ്ടു കൊല്ലത്തോളം കാലം ഈ ഒരുക്കങ്ങള്‍ നാം ഒന്നുകൂടി സജീവമാക്കേണ്ടിയിരിക്കുന്നു. തുടക്കമെന്ന നിലയില്‍ ഇതിന് ഉപകരിക്കുന്ന ചില ചിന്തകളും പ്രായോഗിക നിര്‍ദ്ദേശങ്ങളുമാണ് ഈ ഇടയലേഖനത്തിലൂടെ നിങ്ങളുമായി പങ്കുവയ്ക്കുവാന്‍ ഞാന്‍ ആഗ്രഹിക്കുന്നത്.

അതിരൂപതാദിനം സഭയെക്കുറിച്ച് പൊതുവായും പ്രാദേശിക സഭയായ തിരുവനന്തപുരം അതിരൂപതയെക്കുറിച്ച് പ്രത്യേകിച്ചും ചിന്തിക്കേണ്ട ഒരു ദിവസമാണ്. സാര്‍വ്വത്രിക സഭയോടൊപ്പം നമ്മുടെ അതിരൂപതയും ഒരു പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന അവസരമാണിത്. സഭ എന്നും പ്രതിസന്ധികളിലൂടെയാണ് കടന്നുപോയിട്ടുള്ളത്; ലോകാവസാനം വരെ സഭയുടെ അവസ്ഥ ഇതുതന്നെയായിരിക്കും. ഗോതമ്പും കളകളും ഒരുമിച്ച് വളരുന്ന ഒരു വയലിനോടും (cfr. മത്താ. 13, 24-30) നല്ല മത്സ്യങ്ങളും ചീത്ത മത്സ്യങ്ങളും കൂടിക്കലര്‍ന്നു കിടക്കുന്ന ഒരു വലയോടുമാണല്ലോ (cfr. മത്താ. 13, 47-52) യേശു സഭയെ ഉപമിക്കുന്നത്. ഇതുതന്നെയാണ് സഭ എക്കാലത്തും നേരിടുന്ന പ്രതിസന്ധി. ലോകാവസാനത്തില്‍ നെല്ലും പതിരും, നല്ല മത്സ്യങ്ങളും ചീത്ത മത്സ്യങ്ങളും വേര്‍തിരിക്കുന്നതുവരെ ഈ പ്രതിസന്ധി തുടര്‍ന്നുകൊണ്ടിരിക്കും; തിന്മയുടെ ശക്തികള്‍ സഭയെ ആക്രമിക്കുകയും സഭാംഗങ്ങളുടെ മേല്‍ സ്വാധീനം ചെലുത്താന്‍ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

സഭയുടെ അടിത്തറ തന്നെ തകർന്നുപോകുമോ എന്നു തോന്നത്തക്കവിധത്തിൽ ഈ പ്രതിസന്ധി ഒന്നിനൊന്നു രൂക്ഷമാകുന്ന അവസരങ്ങൾക്കും ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. അപ്രകാരമൊരു കാലഘട്ടത്തിലൂടെയാണ് നാം ഇന്ന് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഒന്നിനൊന്നു മന്ദീഭവിച്ചുകൊണ്ടിരിക്കുന്ന വിശ്വാസത്തിനും, ഭൗതികതയുടെ അതിപ്രസരത്തിനും, വർദ്ധിച്ചുവരുന്ന ഉപഭോഗസംസ്ക്കാരത്തിനും പുറമെ ഇന്നു സഭ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി സഭാശുശ്രൂഷകരുടെ തന്നെ അവിശ്വസ്തതയും അവർ നൽകുന്ന ദുർമാതൃകകളുമാണ്. ഇവയെല്ലാം പൊടിപ്പും തൊങ്ങലും വച്ച്, ആവുന്നത്ര പർവ്വതീകരിച്ച്, മാദ്ധ്യമങ്ങൾ അനുദിനം നമ്മുടെ മദ്ധ്യേ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. സഭയ്ക്കാകമാനം അപമാനം വരുത്തിവയ്ക്കുന്ന വാർത്തകളാണ് ഇന്ന് മാദ്ധ്യമങ്ങളിലൂടെ പ്രചരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം വാർത്തകൾക്ക് മുന്നിൽ പതറിപ്പോകുന്നവരുണ്ട്; പകച്ചു നിൽക്കുന്നവരുണ്ട്; സഭയുടെ ഭാവിയെക്കുറിച്ച് ആകുലപ്പെടുന്നവരുണ്ട്. എങ്കിലും നമുക്കറിയാം സഭ സ്ഥാപിതമായിരിക്കുന്നത് പാറമേലാണെന്ന്. "നരകവാതിലുകൾ അതിനെതിരെ പ്രബലപ്പെടുകയില്ല" (മത്താ. 16, 18) എന്ന് യേശു ഉറപ്പുതന്നിട്ടുണ്ട്. സഭയെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. സമയത്തിന്റെ പൂർണ്ണതയിൽ അത് നിറവേറുകതന്നെ ചെയ്യും; ഒരു ദിവസം തിന്മയുടെ എല്ലാശക്തികളെയും അതിജീവിച്ച് സഭ ദൈവരാജ്യമായി രൂപാന്തരപ്പെടുക തന്നെചെയ്യും. എന്നാൽ ഞാനും നിങ്ങളും ഈ ദൈവരാജ്യത്തിൽ ഉണ്ടാവുമോ എന്നതാണ് പ്രശ്നം.

സഭാ ശുശ്രൂഷകരുടെ ഇടയിൽ പാളിച്ചകൾ ഇല്ലെന്നു പറയുന്നില്ല. ഗുരുതരമായ തെറ്റുകളിലുൾപ്പെടുന്ന പലരുമുണ്ട്. അതുകൊണ്ടാണല്ലോ അവർക്കുവേണ്ടി മാർപ്പാപ്പയ്ക്ക് പോലും പരസ്യമായി മാപ്പുചോദിക്കേണ്ടിവരുന്നത്. സഭാ ശുശ്രൂഷകരിൽ ഒരാൾമാത്രമാണ് തെറ്റിപ്പോകുന്നതെങ്കിലും അത് ഗുരുതരമായ ഒരു വീഴ്ചതന്നെയാണ്; സഭയ്ക്ക് മുഴുവനും അപമാനം വരുത്തിവയ്ക്കുന്നതാണ്. വീഴ്ചയുടെ കാഠിന്യം ലഘൂകരിക്കുകയല്ല. എങ്കിലും ഇതിനും ഒരു മറുവശം ഉണ്ടെന്ന് നാമോർക്കണം. ഇന്ന് മാദ്ധ്യമങ്ങളിലൂടെ പ്രചരിക്കുന്ന വാർത്തകൾ കേട്ടാൽ തോന്നിപ്പോകും സഭാ ശുശ്രൂഷകരെല്ലാം ഒന്നടങ്കം കപടനാട്യക്കാരും ദുർമാർഗ്ഗികളുമാണെന്ന്. പന്ത്രണ്ടു ശിഷ്യന്മാരുടെ കൂട്ടത്തിൽ യൂദാസുമുണ്ടായിരുന്നല്ലോ. അതുപോലെ ചുരുക്കം ചിലരൊഴിച്ച് നല്ലൊരു ഭാഗം സഭാ ശുശ്രൂഷകരും വിശുദ്ധമായ ജീവിതം നയിക്കുന്നവരും നിസ്വാർത്ഥമായ സേവനം ചെയ്യുന്നവരുമാണെന്ന വസ്തുത സൗകര്യപൂർവ്വം തല്പരകക്ഷികൾ അവഗണിച്ചുകളയുന്നു. ഇതിന്റെ പിന്നിലുള്ള സഭാ വിരോധികളുടെ നിഗൂഢ പദ്ധതികൾ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. "ഞാൻ ഇടയനെ അടിക്കും; ആടുകൾ ചിതറിപ്പോകും" (മത്താ. 26, 31) എന്ന് തിരുവചനങ്ങൾ നമുക്കു മുന്നറിയിപ്പു നൽകുന്നുണ്ട്. ആടുകളെ ചിതറിക്കാനുള്ള, സഭയെ നശിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഇടയനെ അടിക്കുകയാണ്; സഭാ ശുശ്രൂഷകരെയാകമാനം കരിതേച്ച് കാണിച്ച് അവരുടെ സൽപ്പേരിന് കളങ്കം വരുത്തുകയാണ്. സഭയുടെ നാശം ആഗ്രഹിക്കുന്നവർ ഈ ആയുധം ഇന്ന് ശരിക്കും പ്രയോഗിക്കുന്നുണ്ട്.

എന്താണ് ഇതിന് ഒരു പ്രതിവിധി? ഇന്നത്തെ സാഹചര്യങ്ങളിൽ സഭാ ശുശ്രൂഷകരുടെ ദൗത്യം അത്ര എളുപ്പമല്ല. കാരണം പത്രോസ് പറയുന്നതു പോലെ, "ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ച് ചുറ്റിനടക്കുന്ന" (1 പത്രോ. 5, 8) ഒരു കാലഘട്ടമാണിത്. പൗലോസും ഇതുതന്നെയാണ് സഭാ ശുശ്രൂഷകരെ ഓർമ്മിപ്പിക്കുന്നത്. കാരണം ഇന്ന് അവർക്ക് പടപൊരുതേണ്ടിയിരിക്കുന്നത്, ''മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ്" (എഫേ. 6, 12). മനുഷ്യ ശക്തികൊണ്ടു മാത്രം സാധിക്കുന്ന ഒന്നല്ല ഇത്. ദൈവത്തിൽ നിന്ന് ശക്തി അവരിലേയ്ക്ക് പ്രവഹിക്കണം. പ്രത്യേകിച്ച് പ്രാർത്ഥനയിലൂടെ സഭാമക്കൾ എല്ലാവരും സഭാ ശുശ്രൂഷകർക്ക് ശക്തിപകർന്നുകൊടുക്കണം. ഇതാണ് യേശുവും നമുക്കു തരുന്ന ഉപദേശം: "വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയക്കാൻ

വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ" (മത്താ. 9, 37). രൂക്ഷമായ പ്രതിസന്ധികൾ സഭയെ പിടിച്ചു കുലുക്കിയ വിവിധ കാലഘട്ടങ്ങളിൽ വിശുദ്ധ ബെനഡിക്ട്, വിശുദ്ധ ഫ്രാൻസിസ് അസീസി, വിശുദ്ധ ഇഗ്നേഷ്യസ് ലയോള തുടങ്ങിയ നിരവധി പ്രാർത്ഥനയുടെ മനുഷ്യരും, അനേകം മനുഷ്യ ഹൃദയങ്ങളിൽ അവർ ജ്വലിപ്പിച്ച സ്നേഹതീക്ഷ്ണതയുമാണ് സഭയെ താങ്ങി നിറുത്തിയത്. ഇന്നത്തെ സാഹചര്യങ്ങളിൽ പ്രാർത്ഥനയിലൂടെ സഭയെ വിശുദ്ധീകരിക്കുവാൻ ദൈവം എന്നെയും നിങ്ങളെയും ക്ഷണിക്കുകയാണ്.

തിരുവനന്തപുരം അതിരൂപതയെക്കുറിച്ചു ചിന്തിക്കുമ്പോൾ അഭിമാനാർഹങ്ങളായ ധാരാളം സവിശേഷതകളോടൊപ്പം നിരവധി കുറ്റങ്ങളും കുറവുകളും പാളിച്ചകളും അപാകതകളുമുള്ള ഒരു പ്രാദേശിക സഭയുടെ ചിത്രമാണ് നമ്മുടെയൊക്കെ മനസ്സിൽ വരുന്നത്. വിവിധ തലങ്ങളിൽ ഇനിയും വേണ്ടത്ര പുരോഗമിക്കാൻ സാധിച്ചിട്ടില്ല എന്ന തോന്നലാണ് ഇന്നു പൊതുവേ പലർക്കുമുള്ളത്. വ്യക്തമായ കാഴ്ചപ്പാടുകളുടെയും സന്ദർഭോചിതമായ തീരുമാനങ്ങളുടെയും ക്രിയാത്മകമായ നടപടികളുടെയും അഭാവത്തിൽ നല്ല അവസരങ്ങൾ പാഴായിപ്പോകുന്നതായി പരാതിപ്പെടുന്നവർ ധാരാളമുണ്ട്. ദരിദ്രരേഖയ്ക്ക് താഴെയുള്ളവർ താരതമ്യേന കൂടുതലുള്ള ഒരു സഭാ സമൂഹമാണ് തിരുവനന്തപുരം അതിരൂപത. ആവശ്യത്തിന് ആഹാരവും ഭേദപ്പെട്ട ഒരു ഭവനവും മറ്റു ജീവിത സൗകര്യങ്ങളുമില്ലാതെ കഷ്ടപ്പെടുന്നവർ കുറെയേറെയുണ്ട്. വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസത്തിന്റെ തലങ്ങളിൽ ഇനിയും ബഹുദൂരം നമുക്ക് മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. വിശ്വാസം ആഴമാക്കാനുള്ള വിവിധ സംവിധാനങ്ങൾക്ക് നാം രൂപം കൊടിത്തിട്ട് നാളുകളേറെ ആയെങ്കിലും ഉദ്ദേശിച്ച ഫലം പുറപ്പെടുവിക്കാൻ ഇന്നും സാധിച്ചിട്ടില്ല. ഇതെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് ശക്തമായി പ്രതികരിക്കുന്നവരുണ്ട്; ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നവരുണ്ട്; സാദ്ധ്യമായ സഹായസഹകരണങ്ങൾ നൽകാൻ തയ്യാറുള്ളവരും കുറവല്ല. വിമർശനവും വിശകലനവുമൊക്കെ നല്ലതു തന്നെ കാരണം അത് വളർച്ചയെ സഹായിക്കാൻ പോരുന്നതാണ്. അതേസമയം തന്നെ അതിരൂപതയെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങളെല്ലാം സാക്ഷാത്ക്കരിക്കാൻ ഏറ്റവുമധികം ആവശ്യമായിരിക്കുന്നത്, ചെറുതോ വലുതോ ആയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടത് നാമോരോരുത്തരുടെയും കടമയാണ് എന്ന അവബോധവും ത്യാഗങ്ങൾ സഹിക്കാനുള്ള സന്നദ്ധതയുമാണ്.

സ്വപ്നങ്ങളും കാഴ്ചപ്പാടുകളും സംവിധാനങ്ങളും നമുക്കു ധാരാളമുണ്ട്. എന്നാൽ ഇവയെല്ലാം സാക്ഷാത്ക്കരിക്കുവാനും ഫലപ്രദമാക്കുവാനും വേണ്ട ഇച്ഛാശക്തിയും അർപ്പണമനോഭാവവും നമുക്കുണ്ടാവണം. പ്ലാറ്റിനം ജൂബിലിയുടെ ഒരുക്കമെന്ന നിലയിൽ അതിരൂപതയുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് പുതിയൊരു തുടക്കം കുറിക്കാൻ നമുക്കാവണം. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം പലപ്പോഴും എവിടെ തുടങ്ങണം, എന്തിന് മുൻഗണന നൽകണം എന്നതാണ് പ്രശ്നം. നല്ല തുടക്കം പകുതി ചെയ്തു തീർക്കുന്നതിന് തുല്യമാണ് എന്ന ഒരു ചൊല്ലുണ്ടല്ലോ. ഇതേക്കുറിച്ച് ഞാൻ ആലോചിച്ചപ്പോൾ പൗലോസ് അപ്പോസ്തലൻ തിമോത്തിക്ക് എഴുതിയ ഒന്നാം ലേഖനത്തിലെ ചില വാക്യങ്ങളാണ് എന്റെ മനസ്സിൽ തെളിഞ്ഞുവരുന്നത്. ഒരു പ്രാദേശിക സഭയുടെ പുരോഗതിക്ക് ചെയ്തുതീർക്കേണ്ട പലകാര്യങ്ങളുടെ ഒരു പട്ടിക നൽകിയ ശേഷം എല്ലാറ്റിന്റെയും തുടക്കം പ്രാർത്ഥനയായിരിക്കണമെന്ന് ഉപദേശമാണ് പൗലോസ് തിമോത്തിക്ക് നൽകുന്നത്: "എല്ലാവർക്കും വേണ്ടി അപേക്ഷിക്കുകയും യാചനകളും മാദ്ധ്യസ്ഥ പ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വാനം ചെയ്യുന്നു. എല്ലാ ഭക്തിയിലും വിശുദ്ധിയിലും ശാന്തവും സമാധാനപൂർണ്ണവുമായ ജീവിതം നയിക്കാൻ നമുക്കിടയാകത്തക്കവിധം രാജാക്കന്മാർക്ക് വേണ്ടിയും ഉന്നത സ്ഥാനീയർക്കുവേണ്ടിയും ഇപ്രകാരം ചെയ്യേണ്ടതാണ്. ഇത് ഉത്തമവും നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യവുമത്രേ" (1. തിമോ. 2, 1-3). പ്രാർത്ഥന കൂടാതെ നമ്മുടെ ഒരു സംരംഭവും വിജയിക്കാൻ പോകുന്നില്ല. കുതിരയെ വണ്ടിയുടെ മുന്നിലാണ് നിറുത്തേണ്ടത്. എങ്കിലേ വണ്ടി മുന്നോട്ടു പോവുകയുള്ളൂ. ഇതുപോലെ പ്രാർത്ഥനകൂടാതെ അതിരൂപതയെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങളും കാഴ്ചപ്പാടുകളും ഒരിക്കലും സാക്ഷാത്ക്കരിക്കാൻ പോകുന്നില്ല.

അതുകൊണ്ട് ഇക്കൊല്ലത്തെ അതിരൂപതാ ദിനത്തോടനുബന്ധിച്ച് ഇടവക സമൂഹങ്ങളെയും കുടുംബ കൂട്ടായ്മകളെയും കുടുംബങ്ങളെയും നിങ്ങളോരോരുത്തരെയും അതിരൂപതയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. അതിരൂപതയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നവരെല്ലാം ഈ പ്രാദേശിക സഭയെ സ്നേഹിക്കുന്നവരായിരിക്കും; അതിനു വേണ്ടി ത്യാഗങ്ങളനുഷ്ഠിക്കുവാൻ സന്നദ്ധരായിരിക്കും. തിരുവനന്തപുരം അതിരൂപതയിൽ രണ്ടരലക്ഷം അംഗങ്ങളുണ്ട്. ഇവരെല്ലാം ഈ സഭാസമൂഹത്തിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവരാണെങ്കിൽ അതിലൂടെ അതിരൂപതയെക്കുറിച്ചുള്ള നമ്മുടെ എല്ലാ സ്വപ്നങ്ങളും ആഗ്രഹാഭിലാഷങ്ങളും യാഥാർത്ഥ്യമാക്കാനുള്ള വെളിച്ചവും ശക്തിയും നമുക്കു ലഭിക്കുമെന്നതിന് യാതൊരു സംശയവുമില്ല.

മനസ്സുവച്ചാൽ നിങ്ങളോരോരുത്തർക്കും എളുപ്പം സാധിക്കുന്ന ചില ഭക്താഭ്യാസങ്ങളാണ് ഇതോടനുബന്ധിച്ച് എനിക്ക് നിർദ്ദേശിച്ചു തരാനുള്ളത്. വൈദികർക്കും സന്യസ്തർക്കും പുറമേ അടിസ്ഥാന ക്രൈസ്തവ ഭാരവാഹികളും ഭക്തസംഘടനാംഗങ്ങളും താല്പര്യമെടുത്താൽ അതിരൂപതാംഗങ്ങളെയെല്ലാം ബോധവല്ക്കരിക്കുവാനും ഈ ഭക്താഭ്യാസങ്ങളൊക്കെ എല്ലാവരുടെയും പതിവാക്കിത്തീർക്കുവാനും സാധിക്കും:

1. **<u>അതിരൂപതയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥന</u>**: ഏഷ്യൻ സിനഡിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ട് പല അദ്ധ്യാത്മിക ഗുരുക്കന്മാരുടെയും സഹായത്തോടെ ഞാൻ തയ്യാറാക്കിയ ഒരു പ്രാർത്ഥനയാണിത്. ഇതിന്റെ കോപ്പികൾ വികാരിയച്ചന്മാരിലൂടെ എല്ലാ കുടുംബങ്ങളിലും എത്തിച്ചു തരുന്നതാണ്. കുടുംബ പ്രാർത്ഥനയുടെ അവസരത്തിലും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലും ദിവ്യബലിക്ക് ശേഷവും ഈ പ്രാർത്ഥന പതിവായി ചൊല്ലാൻ ശ്രദ്ധിക്കണം.

2. **<u>കുടുംബ പ്രാർത്ഥന</u>**: പരിശുദ്ധ കന്യകാമറിയത്തിന്റെ സ്തുതിക്കായി ജപമാല ചൊല്ലുകയും ആ അമ്മയോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്യുന്ന പതിവ് നമ്മുടെ കുടുംബങ്ങളിലുണ്ട്. ഉത്തരവാദിത്വപ്പെട്ടവർ ഉപേക്ഷ വരുത്തുന്ന കുടുംബങ്ങൾ സന്ദർശിച്ച് ജപമാല ഭക്തി പ്രോത്സാഹിപ്പിക്കണം. വാർഷികോത്സവമായി മരിയ സൈന്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ജപമാല റാലിയിലും കഴിയുന്നത്ര എല്ലാവരും പങ്കെടുക്കണം.

3. **<u>ദിവ്യബലിയും കുമ്പസാരവും:</u>** ഞായറാഴ്ച ദിവ്യബലിയിൽ സംബന്ധിക്കാത്തവരും വർഷങ്ങളായി കുമ്പസാരിക്കാത്തവരും നമ്മുടെ ഇടവകകളിലുണ്ട്. ആരെയും അവഗണിക്കാതെ, ഇവരെയൊക്കെ വ്യക്തിപരമായി കണ്ടുപിടിച്ച് ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാനും പ്രാർത്ഥിക്കുവാനും ഉത്തരവാദിത്വപ്പെട്ടവർ പ്രേരിപ്പിക്കണം.

4. **<u>ദിവ്യകാരുണ്യാരാധന</u>**: ഓരോ ദിവസവും ദിവ്യബലിക്ക് മുമ്പായി അരമണിക്കുറെങ്കിലും ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ച് സഭയുടെ വിവിധ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്ന പതിവ് പ്രോത്സാഹിപ്പിക്കണം.

5. **<u>നാല്പതുമണിക്കൂർ ആരാധന</u>**: നാല്പതുമണിക്കൂർ ആരാധന നമ്മുടെ രൂപതയിലെ ചില ഇടവകകളിലൊക്കെ നടത്തുന്നുണ്ട്. സൗകര്യമുള്ള ഇടവകകളിലെല്ലാം ഈ ഭക്താഭ്യാസം ആരംഭിക്കുന്നത് ഉചിതമായിരിക്കും.

6. **<u>കരുണക്കൊന്ത</u>**: ഇന്ന് ലോകം മുഴുവനും പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ ഭക്താഭ്യാസം പ്രധാനമായും പാപപരിഹാരത്തിനു വേണ്ടിയുള്ള ഫലപ്രദമായ ഒരു പ്രാർത്ഥനയാണ്. കൂടിപ്പോയാൽ പത്തുമിനിട്ട് സമയം മാത്രമേ എടുക്കുകയുള്ളൂ. ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും അനായാസേന ചൊല്ലാവുന്ന ഒരു പ്രാർത്ഥനയാണിത്. അത്ഭുതാവഹമായ അനുഗ്രഹങ്ങളാണ് ഈ ഭക്താഭ്യാസത്തിലൂടെ

ലഭിച്ചുകൊണ്ടിരിക്കുന്നത്. ആവശ്യപ്പെടുന്ന ഇടവകകളിലെല്ലാം ഈ ഭക്താഭ്യാസം എന്താണെന്നറിയാനും ഇതിനു വേണ്ട പരിശീലനം നൽകാനും വേണ്ട സംവിധാനങ്ങൾ ചെയ്യുന്നതാണ്.

അതിരൂപതയുടെ പുരോഗതിക്കായി നൂറായിരം കാര്യങ്ങൾ ചെയ്യാൻ നാം ആഗ്രഹിക്കുന്നുണ്ടാവും. പ്രാർത്ഥനയില്ലെങ്കിൽ ഇതൊന്നുകൊണ്ടും ഒരു പ്രയോജനമുണ്ടാവുകയില്ല. ഗീതാഞ്ജലിയിൽ ടാഗോറിന്റെ മനോഹരമായ ഒരു പ്രാർത്ഥനയുണ്ട്. അതിന്റെ ഈരടികൾ ഇപ്രകാരമാണ്: "ഒരു നിമിഷം അങ്ങയുടെ സന്നിധിയിൽ ആയിരിക്കാനുള്ള മഹാഭാഗ്യത്തിനായി ഞാൻ അങ്ങയോടു യാചിക്കുന്നു. എന്നെ ഭരമേല്പിച്ചിട്ടുള്ള ജോലികളെല്ലാം ഞാൻ അതിനുശേഷം ചെയ്തുതീർത്തുകൊള്ളാം." പ്രാർത്ഥനയ്ക്ക് മുൻഗണന നൽകിക്കൊണ്ട് അതിരൂപതയുടെ വളർച്ചയും വിശുദ്ധീകരണവും ഒരു യാഥാർത്ഥ്യമാക്കിതീർക്കുവാനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

വെള്ളയമ്പലം
21.09.2010

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**P.S**. ഈ ഇടയലേഖനം സെപ്തംബർ 26-ാം തിയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.